(ബി) വാടക വീട്ടിൽ താമസിക്കുന്ന ടി കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) എന്നത്തേക്ക് അനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) അനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ശ്രീമതി സുജാത സ്വാമിദാസ്, കളരിക്കൽ വീട്, ഇറവൂർ എന്നയാളുടെ നിലം പരിവർത്തനം നടത്തി വീട് വയ്ക്കുന്നതിനുള്ള അപേക്ഷയിൽ 16-11-2015 തീയതിയിൽ നടന്ന ജില്ലാതല അധികൃത സമിതിയുടെ 13-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകി തീരുമാനമെടുത്തിട്ടുണ്ട്.

ഭൂമി കയ്യേറ്റത്തിനെതിരെ നടപടി

112(T 1178) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗാന്ധി സ്മാരക നിധിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം ഏതെല്ലാം സർവ്വേ നമ്പരിൽ സ്വന്തമായി ഭൂമിയുണ്ട് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമികളിൽ ഏതിലൊക്കെയാണ് കയ്യേറ്റങ്ങൾ ഉള്ളത്; ഇവ തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24-ൽ റീസർവ്വേ 417/27-ൽപ്പെട്ട 27 ആർ സ്ഥലവും, പാറശ്ശാല വില്ലേജിൽ ബ്ലോക്ക് 50-ൽ റീസർവ്വേ 10/17-ൽ 18.30 ആർ സ്ഥലവും, നെടുമങ്ങാട് താലൂക്കിൽ ബ്ലോക്ക് 29-ൽ റീസർവ്വേ 442-ൽ 20.60 ആർ സ്ഥലവും കേരള ഗാന്ധി സ്മാരകനിധി എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതായി വില്ലേജ് രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly